**കേരള സർക്കാർ**

**ധനകാര്യ (വ്യയം-ഡി) വകുപ്പ്**

**നം.87/2023/ധന** **തീയതി, തിരുവനന്തപുരം, 12/09/2023**

**പരിപത്രം**

വിഷയം:- സർക്കാരിനുണ്ടാകുന്ന നഷ്ടം/ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 161 , 300-305
2. കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2018 മാർച്ചിൽ അവസാനിച്ച ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 300 - ൽ സർക്കാർ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ മുഖേന സർക്കാരിന് ഉണ്ടായ നഷ്ടം തിരിച്ച് പിടിക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ നഷ്ടം എഴുതി തള്ളുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ സർക്കാരിന് ഉണ്ടായ നഷ്ടം/ബാധ്യത ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 303-305 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2018 മാർച്ചിൽ അവസാനിച്ച സംസ്ഥാന സമ്പദ് വ്യവസ്ഥ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ വകുപ്പ് തല നടപടികൾ തീർപ്പാക്കി സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ബാദ്ധ്യത . തുക ഈടാക്കുന്നതിന് കാലതാമസം നേരിടുന്നതായും, ദീർഘകാലമായി ഈടാക്കാൻ കഴിയാതെ നിൽക്കുന്ന ബാധ്യതകൾ എഴുതി തള്ളുന്നതിനുള്ള നടപടികൾ കൃത്യസമയത്ത് സ്വീകരിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർക്കാരിന് നഷ്ടം/ബാധ്യത ഉണ്ടാകുന്ന സന്ദർഭങ്ങളിൽ, ഇതിനുത്തരവാദികളായ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ ആയത് ഈടാക്കി വകുപ്പ് തല നടപടികൾ കൃത്യസമയത്ത് തീർപ്പാക്കുന്നതിന് വകുപ്പ് മേധാവികൾ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ യാതൊരു അലംഭാവവും കാണിക്കാൻ പാടില്ല.

2. ദീർഘകാലമായി ഈടാക്കാൻ കഴിയാത്ത ബാധ്യതകൾ/നഷ്ടങ്ങൾ കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 161, 300-303 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതിന് ഭരണ വകുപ്പും, വകുപ്പ് മേധാവികളും സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ് .

**സഞ്ജയ് എം കൗൾ**
**ധനകാര്യ വ്യയം സെക്രട്ടറി**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള ,തിരുവനന്തപുരം
സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവന്മാർക്കും
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം
സെക്രട്ടറി, കേരള /സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/കൊച്ചി/ കോഴിക്കോട്/ കണ്ണൂർ/ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി
രജിസ്ട്രാർ,ശ്രീ.ശങ്കരാചാര്യ യൂണിവേഴ്സിറ്റി ,എറണാകുളം
രജിസ്ട്രാർ,അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ,വെള്ളാനിക്കര
രജിസ്ട്രാർ,കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ,കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസ്, തൃശ്ശൂർ
രജിസ്ട്രാർ,ഫിഷറീസ് യൂണിവേഴ്സിറ്റി
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ,മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി,എറണാകുളം
രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഗവണ്മെന്റ് കമ്പനികൾ/ബോർഡ്/കോർപറേഷനുകൾ/സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ, ജനറൽ മാനേജർമാർ
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മിഷണർ, തിരുവനന്തപുരം
നോഡൽ ഓഫീസർ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (E-2303353)

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**